©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 ഡിസംബർ 23
23rd December 2025
1201 ധനു 8
8th Dhanu 1201
1947 അഗ്രഹായനം 2
2nd Agrahayana 1947

നമ്പർ
No.
4305

ഫോറം നമ്പർ 10

21(16) ചട്ടം കാണുക

(സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം)

DCKNR/2332/2023-C1 *2025 ഡിസംബർ 10*

താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ, നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം ആക്ട് വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം 06.02.24 ലെ ഗസറ്റ് നമ്പർ 460 ലെ സർക്കാർ ഗസറ്റിലും 26.02.24 തീയ്യതിയിലെ മാധ്യമം ദിനപത്രത്തിലും 20.02.24 തീയ്യതിയിലെ കേരള കൗമുദി ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും,

താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു കാര്യത്തിനായി പൊന്നും വിലയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം ആക്ട് വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കളക്ടർക്ക് ബോധ്യപ്പെട്ടതിനാലും,

ഇപ്പോൾ തന്മൂലം 19-ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവിരിച്ചിട്ടുള്ളതും ഏകദേശം 0.1442 ഹെക്ടർ, അതിൽ അല്പം കൂടുതലോ കുറവോ, വിസ്തീർണ്ണം വരുന്നതുമായ ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് വേങ്ങാട് ഗ്രാമപഞ്ചായത്തിൽ വോളിബോൾ/ ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കുന്നതിനായി സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ആവശ്യമുണ്ടെന്ന് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ കളക്ടർ ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പൊന്നും വില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, തലശ്ശേരി എന്ന ആളിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, തലശ്ശേരി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാകുന്നു.

പട്ടിക 1

പൊന്നും വില ഭൂമിയുടെ വിവരണം

ജില്ല - *കണ്ണൂർ* താലൂക്ക് - *തലശ്ശേരി*

അംശം - *പാതിരിയാട്* ദേശം - *പൊയനാട്*

(ഏകദേശം വിസ്തീർണമാണ് നൽകിയിരിക്കുന്നത്)

ക്രമ നമ്പർ	**റി.സർവ്വെ നമ്പർ**	**എൽ എ സബ് ഡിവിഷൻ**	**വിവരണം**	**വിസ്തീർണ്ണം (ഹെക്ടറിൽ)**	**റിമാർക്ക്സ്**
1	31/6	31/25	സ്ഥിര പുഞ്ച	0.1442	
		ആകെ		**0.1442**	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 2

പുനരധിവാസ ഭൂമിയെ സംബന്ധിച്ച വിവരണം

ജില്ല – *കണ്ണൂർ* താലൂക്ക് – *തലശ്ശേരി*

അംശം – *പാതിരിയാട്* ദേശം – *പൊയനാട്*

ക്രമ നമ്പർ	**വസ്തുവിന്റെ വിവരണം**	**ഏകദേശ വിസ്തീർണ്ണം**
	പുനരധിവാസം പുനഃസ്ഥാപനം ആവശ്യമായി വരുന്നില്ല	

പട്ടിക 3

പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ ചുരുക്കം

ജില്ല – *കണ്ണൂർ* താലൂക്ക് – *തലശ്ശേരി*

അംശം – *പാതിരിയാട്* ദേശം – *പൊയനാട്*

ക്രമ നമ്പർ	**വസ്തുവിന്റെ വിവരണം**	**ഏകദേശ വിസ്തീർണ്ണം**
	പുനരധിവാസം പുനഃസ്ഥാപനം ആവശ്യമായി വരുന്നില്ല	

(ഒപ്പ്)

ജില്ലാ കളക്ടർ, കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.23 02:31:59 +05:30